**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6521 01.11.2011 -ൽ മറുപടിക്ക്

**പനിമരണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം എത്ര പനി മരണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ സ്ത്രീകൾ, പുരുഷന്മാർ, 10-നും 18-നും ഇടയിൽ പ്രായമുള്ള ആൺകുട്ടികൾ/പെൺകുട്ടികൾ, 10 വയസ്സിനുതാഴെയുള്ള ആൺ കുട്ടികൾ/പെൺകുട്ടികൾ, എന്നിവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പനിമരണം സംഭവിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ഒന്നായി ചുവടെചേർക്കുന്നു. ഇതിൽ സ്ത്രീകൾ, പുരുഷന്മാർ, 10 നും 16 നും ഇടയിൽ പ്രായമുള്ള ആൺകുട്ടികൾ/ പെൺകുട്ടികൾ, 10 വയസ്സിന് താഴെയുള്ള ആൺകുട്ടികൾ/ പെൺകുട്ടികൾ എന്നിവരുടെ ജില്ലതിരിച്ചുള്ള എണ്ണം എന്നിവ ശേഖരിച്ചു വരുന്നു. |
| (ബി) | ഇങ്ങനെ മരണപെട്ടവരിൽ ആരുടെയെങ്കിലും പോസ്റ്റ് മാർട്ടം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെയെന്ന് വ്യക്തമാക്കാമോ; | (ബി) | നടത്തിയിട്ടില്ല. |
| (സി) | പനിബാധിച്ചവർ മരണപ്പെട്ടത് മദ്യപാനം മൂലമുള്ള കരൾ രോഗത്താലാണന്നുള്ള വെളിപ്പെടുത്തൽ എന്തൊക്കെ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു വെളിപ്പെടുത്തൽ ഉണ്ടായതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രസ്താവനയ്ക്കാധാരമായ തെളിവുകളോ, റിപ്പോർട്ടോ ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ? | (സി) | കേന്ദ്രസംഘം നൽകിയ പഠന റിപ്പോർട്ടിൽ പൊതുവായ നിരീക്ഷണം എന്ന നിലയിൽ ഐറ്റം നമ്പർ 7 ആയി (പേജ് നമ്പർ 12) കിടത്തി ചികിത്സയിൽ ഇരിക്കുന്ന രോഗികളുമായി ആശയവിനിമയം നടത്തിയപ്പോൾ (സംശയാസ്പദമായ എലിപ്പനി കേസുകളും, രോഗം ലാബ് പരിശോധനയിലൂടെ ഉറപ്പുവരുത്തിയ കേസുകളിലും) ചിലർ വളരെ കാലമായി തങ്ങൾക്ക് മദ്യപാന ശീലമുള്ളതായി അറിയിക്കുകയുണ്ടായി എന്നു പരാമർശിച്ചിട്ടുണ്ട്. കോപ്പി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ